# അവതരണത്തിൽ കലർപ്പു കലരുമ്പോൾ ..

(ഫ്ളോറിഡായിൽ നടന്ന 2013–ലെ ഹിന്ദു കൺവെൻഷനിൽ അവതരിപ്പിച്ചത്)

**വാസുദേവ് പുളിക്കൽ**

ഹിന്ദുമതത്തിലെ ചില ദുർവ്യാഖ്യാനങ്ങളും തെറ്റിദ്ധാരണകളുമാണ് ഇവിടത്തെ ചർച്ചാവിഷയം. ഭാരതീയ സംസ്കാരം ലോകമെമ്പാടും ആദരിക്കപ്പെടുന്ന അതിപുരാതനമായ ഒരു സംസ്കാരമാണ്. കാലാകാലങ്ങളിൽ ലോകത്തിന്റെ നാനാ ഭാഗത്തു നിന്നും വിഭിന്ന സംസ്കാരങ്ങൾ ഭാരതത്തിലേക്ക് ഒഴുകി വന്നിട്ടുണ്ടെങ്കിലും, ഭാരതീയ സംസ്കാരമെന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ഹൈന്ദവ സംസ്കാരം അല്ലെങ്കിൽ ഹിന്ദുമത സംസ്കാരമെന്നാണ്. ഒരു തരം ആനന്ദം കലർന്ന സന്തോഷത്തോടെയാണ് ജനങ്ങൾ ഹിന്ദുമത സംസ്കാരത്തെ നോക്കിക്കാണുന്നത്. കാരണം ഹിന്ദുമതത്തിൽ അധിഷ്ഠിതമായിരിക്കുന്ന തത്വസംഹിത അദ്വിതീയമാണ്, അതിവിശിഷ്ടമാണ്, അതുല്യമാണ്. ഹൈന്ദവപാരമ്പര്യത്തിനും ദർശനങ്ങൾക്കും ശാസ്ത്രീയമൊ, യുക്തിപരമൊ, ആത്മീയമൊ സാർവ്വലൗകികമോ ആയ ഭാവവും പ്രാമുഖ്യവുമുണ്ട്. ലോകാ സമസ്താ സുഖിനൊ ഭവന്തു എന്ന മന്ത്രധ്വനി ഉയർത്തുന്ന ഹിന്ദുമതം, അവിനിവനെന്നറിയുന്നതൊക്കെയോർത്താൽ അവനിയിലാദിമമായൊരാത്മരൂപം – അതായത് ഞാനും നീയും അവനും ഇവനുമൊക്കെ ഒരേ ആത്മാവിന്റെ ഭിന്ന രൂപങ്ങൾ മാത്രമാണ് എന്ന അദ്വൈത സിദ്ധാന്തം ഉൽഘോഷിക്കുന്ന ഹിന്ദുമതം സെമിറ്റിക് മതങ്ങളിൽ നിന്നും വേറിട്ടു നില്ക്കുന്നു. ഏതൊരാൾക്കും അനുകരിക്കാൻ പാകത്തിന് മൂല്യസമൃദ്ധമാണ് ഹിന്ദുമതം. ഏതൊരു സാഹചര്യത്തിലും നവചൈതന്യം ആർജ്ജിക്കാനുള്ള ശക്തിയും ഹിന്ദുമതത്തിനുണ്ട്.

ഇങ്ങനെ നിരവധി ഗുണങ്ങൾ കൊണ്ട് അനുഗൃഹീതവും സമ്പന്നവുമായ ഹിന്ദുമതത്തിന്റെ മനോഹരമായ മുഖച്ഛായക്ക് മങ്ങലേറ്റിട്ടുണ്ട്. അത് എന്തുകൊണ്ടാണ്. കാരണം മറ്റൊന്നുമല്ല. ജാതിവ്യവസ്ഥിതിയുടെ കറുത്തിരുണ്ട കാർമേഘപടലങ്ങൾ ഹിന്ദുമതത്തെ ഗ്രസിച്ചിട്ടുണ്ട് എന്നതു തന്നെ. ഹിന്ദുമതത്തെ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചതിൽ പാകപ്പിഴകൾ ഉണ്ടാവുകയും തന്മൂലം ഹിന്ദുമതത്തെ ജനങ്ങൾ തെറ്റായി മനസ്സിലാക്കാൻ ഇടയാവുകയും ചെയ്തു. ആസുരി ഭാവവും ഈശ്വരി ഭാവവും ഹിന്ദുമതത്തിലുണ്ട്. ആസുരി ഭാവം ബാഹ്യവും ഈശ്വരി ഭാവം ആന്തരികവുമാണ്. ഭൂരിപക്ഷം ഹൈന്ദവരും ബാഹ്യമായ ജാതിവ്യവസ്ഥിതി എന്ന ആസുരി ഭാവത്തിന്റെ വലയത്തിൽ അകപ്പെട്ടുഴലുന്നതു കൊണ്ട് ഹിന്ദുമതത്തിന്റെ ഉത്മ തിരിച്ചറിയാൻ അവർക്ക് സാധിച്ചില്ല. ഹിന്ദുമതത്തിന്റെ കെട്ടുറപ്പിനെത്തന്നെ അത് ബാധിച്ചിട്ടുണ്ട്. ജാതിവ്യവസ്ഥിതി മൂലം സ്വാതന്ത്ര്യവും അവകാശവും നഷ്ടപ്പെട്ടതിനാൽ ലക്ഷക്കണക്കിനു പേർക്ക് ഹിന്ദുമതം ഉപേക്ഷിച്ചു പോകേണ്ടി വന്നിട്ടുണ്ട്. ജാതിവ്യവസ്ഥിതിയുടേയും മതപരിവർത്തനത്തിന്റേയും നിരർത്ഥകത ചൂണ്ടിക്കാണിച്ചു കൊണ്ട് നാരായണഗുരു ജാതി ഇല്ലായ്മ ചെയ്യാനും ജനങ്ങളെ മതം മാറ്റത്തിൽ നിന്നും പിന്തിരിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന സന്ദേശം ഉൾക്കൊള്ളുന്നവർക്ക് മതപരിവർത്തനത്തെ പറ്റി ചിന്തിക്കേണ്ടതായി പോലും വരില്ല. ചട്ടമ്പി സ്വാമികളും അദ്വൈത മതം – എല്ലാവരും ഒന്നെന്ന് ഉൽഘോഷിക്കുന്ന മതം – പ്രചരിപ്പിച്ച് കേരളീയ നവോത്ഥാനത്തിനും ജനങ്ങളുടെ സാംസ്കാരിക ഉന്നമനത്തിനും വേണ്ടി ശ്രമിച്ചിട്ടുണ്ട്. ഇങ്ങനെ, കേരളത്തിൽ മതപരിവർത്തനം നിയന്ത്രിക്കപ്പെട്ടിട്ടുണ്ടെങ്കിലും മറ്റു സംസ്ഥാനങ്ങളിൽ ഹിന്ദുമതത്തെ കാർന്നുകൊണ്ടിരിക്കുന്ന ആസൂത്രിതമായ ഈ ദുരവസ്ഥ ഇപ്പോഴും വൻ തോതിൽ നിലനില്ക്കുന്നു. ഹിന്ദുമതത്തിലെ പ്രശ്നങ്ങൾ മൂലം ജനങ്ങൾ ഹിന്ദുമതം ഉപേക്ഷിച്ചു പോകുന്നത് ഹിന്ദുമതത്തിന്റെ ബലഹീനതയാണ്, അതു ലജ്ജാവഹവുമാണ്.

ഹിന്ദുമതത്തിൽ ഇപ്പോഴും അസ്വസ്ഥതകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ച് ഹൈന്ദവരെ തെറ്റിലേക്ക് തള്ളി വിട്ടതാരാണ്. ഹിന്ദുമത തത്ത്വങ്ങൾ അടങ്ങിയിരിക്കുന്ന ഉപനിഷത്തുക്കൾക്ക് വ്യാഖ്യാനം നൽകിയവരാണോ? ചിതറിക്കിടന്ന ഹിന്ദുമത തത്ത്വങ്ങൾ ക്രോഡീകരിച്ചത് ശ്രീ ശങ്കരാചര്യരാണ്. പിന്നീടത് ശ്രീ ശങ്കരന്റെ അദ്വൈതമായി. ശങ്കരാചര്യരുടെ ഭാഷ്യത്തിൽ പലേടത്തുനിന്നും നിഷ്പക്ഷത ചോർന്നു പോയിട്ടുണ്ട് എന്ന അഭിപ്രായം ശക്തമായി ഉയർന്നു വന്നിട്ടുണ്ട്. മറ്റൊരു പ്രശ്നം അദ്വൈതം എന്താണെന്ന് സാധരണക്കാർക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല എന്നതാണ്. തത്ത്വമസി, അഹം ബ്രഹ്മാസ്മി എന്നൊക്കെ കേൾക്കുമ്പോൾ അർത്ഥമറിയാതെ അവർ അന്താളിച്ചു നിന്നു പോകും. ഈ വാക്യങ്ങളുടെയൊക്കെ അർത്ഥം ശരിയായ വിധത്തിൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കണം. അതിന് വ്യാഖ്യാനങ്ങൾ

സത്യസന്ധമായിരിക്കണം. അല്ലെങ്കിൽ വാക്യങ്ങൾ തെറ്റിദ്ധരിക്കപ്പെടും. പണ്ഡിതന്മാർ വസ്തുതകൾ എങ്ങനെ നോക്കിക്കാണുന്നു എന്ന് ഭഗവത്ഗീതയിൽ പറഞ്ഞിട്ടുണ്ട്:

വിദ്യാവിനയസമ്പന്നേ, ബ്രാഹ്മണേ ഗവി ഹസ്തിനി
ശുനി ചൈവ ശ്വപാകേ, ച പണ്ഡിതഃ സമദർശനഃ

വിദ്യാവിനയസമ്പന്നനായ ബ്രാഹ്മണനിലും പശുവിലും ആനയിലും പട്ടിയിലും ചണ്ഡാളനിലും പണ്ഡിതന്മാർ സമദർശികാളാകുന്നു, എല്ലാറ്റിലും ഒരേ സത്യം തന്നെ കാണുന്നു എന്ന് സാരം. ഈ ഗീതാവകൃത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സമദർശനത്തോടെ, സമഭാവനയോടെ കാര്യങ്ങൾ വ്യഖ്യാനക്കപ്പെട്ടിരുന്നെങ്കിൽ പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നില്ല. അർത്ഥം മനസ്സിലാക്കാതേയോ വ്യക്തിതാല്പര്യമനുസരിച്ചോ മതവാക്യങ്ങളെ വ്യാഖ്യാനിക്കുമ്പോൾ അത് മതത്തി ന് നാശമായി ഭവിക്കുന്നു. ഉദാഹരണത്തിനു' ഭഗവത്ഗീതയിൽ ചാതുർവർണ്ണ്യം മയാസൃഷ്ടം എന്നു കുറിച്ചിട്ടിരിക്കുന്നതിനെ തെറ്റായി വ്യാഖ്യാനിച്ച് വർണ്ണാശ്രമത്തിന് ദുഷിച്ച ജാതിവ്യവസ്ഥിതിയുടെ പരിവേഷം നൽകിയിട്ടുണ്ട്. ജനങ്ങളെ ചൂഷണം ചെയ്യുന്നതിനു വേണ്ടി ആര്യന്മാരാണ് ജാതി ഉണ്ടാക്കിയതെന്ന് ഡോ. എ. കെ. ബി. പിള്ള സ്വന്തം ഗവേഷണത്തിൽ നിന്നും കണ്ടെത്തി രേഖപ്പെടുത്തിയിട്ടുണ്ട് . പൊറുക്കാനാവാത്ത ആ തെറ്റു ചെയ്തത് ആരു തന്നെ ആയിരുന്നാലും അത് ഹിന്ദുമതത്തിന്റെ അസ്ഥിത്വത്തേയും സംസ്കാരത്തേയും ബാധിക്കുന്ന വിധത്തിൽ ഹിന്ദുക്കളുടെ മനസ്സിൽ ജാതിയുടെ വികൃതമുഖം പതിക്കാൻ ഇടയാക്കി. ഈ ദുർവ്യാഖ്യാനത്തിന്റെ പരിണിതഫലമാണ് ഇന്ന് കാണുന്ന ബ്രാഹ്മണൻ മുതൽ ചണ്ഡാളൻ വരെയുള്ള ജാതി ശ്രേണി. ചാതുർവർണ്ണ്യം ജാതിയല്ല, ഒരു വിഭജനം മാത്രമാണ്. ലോകത്തിൽ എതൊരു സമൂഹത്തിലും ഓരോരുത്തരും പുലർത്തുന്ന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിഭജനങ്ങളുണ്ട്. പക്ഷെ, അത് ഭൃഷ്ട് കല്പ്പിച്ച ജനങ്ങളെ അകറ്റി നിർത്തലല്ല. എന്നാൽ ഭാരതത്തിൽ ആ വിഭജനം ജനങ്ങളെ വെർതിരിച്ചു നിർത്തുന്ന നികൃഷ്ടമായ ജാതി വ്യവസ്ഥിതിയായി. ഒരു വിഭാഗത്തിന്റെ സ്വാർത്ഥതാല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി സെക്റ്റർ ഉണ്ടാക്കി ജനങ്ങളെ വേർതിരിച്ചപ്പോൾ മറ്റു ചില വിഭാഗങ്ങൾ താഴോട്ട് തള്ളപ്പെട്ടു, ഹിന്ദുമതം തെറ്റിദ്ധരിക്കപ്പെട്ടു. ചാതുർവർണ്ണ്യം ജാതിയായി ദുർവ്യാഖ്യാനം ചെയ്തപ്പോഴാണ് പ്രശ്നം വന്നത്. ഈ ദുർവ്യാഖ്യാനങ്ങളും തെറ്റിദ്ധാരണകളും മൂലം ഒരു ചണ്ഡാളൻ പഠിച്ചു വന്നാൽ അയാൾ അംഗീകരിക്കപ്പെടുന്നില്ല. അമ്പലത്തിൽ പൂജ ചെയ്യാനുള്ള യോഗ്യത നേടി ഒരു ചണ്ഡാളൻ പൂജാരിയായി വന്നാൽ, അയാൾ പ്രസാദം വച്ചു നീട്ടുമ്പോൾ അയാൾ ജന്മം കൊണ്ട് ബ്രാഹ്മണൻ അല്ല എന്ന കാരണത്താൽ പലരും വില്ലു പോലെ പിറകോട്ട് വളഞ്ഞ് കൈകൾ പിൻവലിക്കുന്നു. ഹിന്ദുമതത്തെ പറ്റിയുള്ള അബദ്ധജടിലമായ തെറ്റിദ്ധാരണയുടെ ഫലമാണിത്. ഒരാൾ ബ്ര്ഹ്മണനാകുന്നത്, അതായത് ബ്രഹ്മത്തെ അറിയുന്നത് ജന്മം കൊണ്ടല്ല, കർമ്മം കൊണ്ടാണ് എന്ന് വേദങ്ങൾ പഠിപ്പിക്കുമ്പോൾ ആ വേദം അഭ്യസിച്ചവർ അജ്ഞരിലേക്ക് അത് പകർന്നു കൊടുക്കുന്ന അവസരത്തിൽ മായം ചേർക്കുന്നത് അന്ധനെക്കൊണ്ട് അമൃതാണെന്ന് തെറ്റിദ്ധരിപ്പിച്ച് അമേദ്യം ഭക്ഷിപ്പിക്കുന്നതു പോലെയാണ്. അത് ഒരുതരം ക്രൂരതയുമാണ്.

ഹിന്ദുമതസംസ്കാരവും ജീവിതക്രമവും സ്വീകാര്യമായിട്ടുള്ള നിരവധി ഇതരമതസ്ഥരുണ്ട്. ഹിന്ദുമതത്തിലെ ജാതി സങ്കല്പത്തിന്റെ വികലത നിലനില്ക്കുമ്പോൾ ഇതരമതസ്ഥരിൽ ഒരാൾ ഹിന്ദുമതത്തിലേക്കു വന്നാൽ അയാൾ ആരാകുമെന്നാണ് പൊതുജനങ്ങളുടെ സംശയം. അതിന് വ്യക്തമായ ഒരു ഉത്തരമില്ല. ഹിന്ദുമതത്തിലെ ജാതി വ്യവസ്ഥിതിയുടെ തകരാറാണിത്. ഹിന്ദുമതത്തിലെ വിഭജനം ശരിയായി മനസ്സിലാക്കാൻ സാധിക്കാതെ പോയത് അതിന്റെ അവതരണത്തിൽ കലർപ്പു കലർത്തിയതു കൊണ്ടാണ്.

എന്താണിതിനൊരു പ്രതിവിധി? ഹിന്ദുമതത്തിൽ എല്ലാവർക്കും ഹിന്ദു എന്ന പദവി മാത്രമെ പാടുള്ളു. അപ്പോൾ ഹിന്ദുമതത്തെ തെറ്റായി അവതരിപ്പിക്കുകയോ തെറ്റായി മനസ്സിലാക്കുകയോ ചെയ്യുകയില്ല. ജാതീയമായ ഐഡന്റിറ്റി നിലനിർത്തിക്കൊണ്ട് എല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കാം എന്ന അവസ്ഥയിൽ കേരളീയ ഹിന്ദുക്കൾ എത്തിയിട്ടുണ്ട്. അവർ ഒരു പടി കൂടി മുന്നോട്ടു പോകണം. നിബന്ധനകളൊന്നും കൂടാതെ തന്നെ എല്ലാവരും ഒന്നാണെന്നു ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള മാനസിക വികാസമുണ്ടാവണം. അതിന് ഹിന്ദുമത തത്വങ്ങൾ വായിച്ച് അവയുടെ അന്തസത്ത ഉൾക്കൊള്ളണം. അപ്പോൾ ഹിന്ദുമതത്തിന്റെ ഹൃദയഭാഗം മനോഹരമായ ഒരു താമരപ്പൊയ്കയാണെന്നും അവിടെ ജാതിയുടെ ജീർണ്ണതയില്ലെന്നും മനസ്സിൽ

വിവേചനം കൊണ്ടു നടക്കുന്നത് മൂഢത്വമാണെന്നും ബോധ്യമാകും അതോടെ ജാതിവ്യവസ്ഥിതിയുടെ അടിത്തറ താനെ തകർന്നു വീഴും.

ഹൈന്ദവരുടെ ദൈവസങ്കല്പത്തിലും തെറ്റിദ്ധാരണകൾ ഉണ്ട്. അമേരിക്കയിൽ വായനക്കാരേക്കാൾ കൂടുതൽ എഴുത്തുകാരണെന്ന് വ്യംഗമായി പറയുന്നതു പോലെ മൊത്തം ഹിന്ദുക്കളുടെ എണ്ണത്തേക്കാൾ കൂടുതൽ ദൈവങ്ങൾ അവർക്കുണ്ട്–മുപ്പത്തിമുക്കോടി ദൈവങ്ങൾ. എന്നിട്ടും അവർ നാന്നായില്ല. നാനത്വത്തിൽ ഏകത്വം കാണാതെ അവർ ദൈവത്തിന്റെ പേരിൽ വഴക്കടിച്ചിട്ടുള്ളത് ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. വിഷ്ണുഭക്തരും ശിവഭക്തരും തമ്മിലുണ്ടായിട്ടുള്ള സംഘർഷങ്ങൾ എത്രയോ ഭീകരമായിരുന്നു. പരസ്പരം തിരിച്ചറിയാൻ വേണ്ടി വൈഷ്ണവരും ശൈവരും വ്യത്യസ്ഥമായി കുറികൾ വരക്കുന്നത് വിഷ്ണുവും ശിവനും രണ്ടാണെന്ന തെറ്റിദ്ധാരണ മൂലമാണ്. ഹിന്ദുമതത്തിലെ മിസ്കൺസെപ്ഷന്റെ ഒന്നാംതരം ഉദാഹരണം. ദൈവങ്ങളെ എല്ലാം പ്രതിഷ്ഠിച്ചിരിക്കുന്നത് ക്ഷേത്രങ്ങളിലാണെന്നാണല്ലോ ധരിച്ചു വച്ചിരിക്കുന്നത്. നാരായണഗുരു അരുവിപ്പുറത്തെ ആറ്റിൽ മുങ്ങി ഒരു പാറക്കല്ലെടുത്തുകൊണ്ടു വന്ന് ശിവപ്രതിഷ്ഠ നടത്തിയത് ആ കല്ലിൽ ശിവനുണ്ടായിട്ടല്ല. താന്ത്രികവിധി പ്രകാരം മന്ത്രോച്ചാരണത്തോടെ പ്രതിഷ്ഠിച്ചാലും ആ കല്ലിൽ ശിവനുണ്ടാവുകയില്ല എന്ന് മനസ്സിലാക്കിയതു കൊണ്ടാണ് ഗുരു അങ്ങനെ ചെയ്യാതിരുന്നത്. നമ്പൂതിരിമാർ മന്ത്രങ്ങൾ ഉച്ചരിച്ച് താന്ത്രിക വിധിപ്രകാരം പ്രതിഷ്ഠിച്ചാൽ വിഗ്രഹം ദേവിയോ ദേവനോ ആകുമെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. 'ബി' എന്ന അക്ഷരം പഠിപ്പിക്കാൻ കൊച്ചുകുട്ടികളെ ബലൂൺ കാണിച്ചു കൊടുക്കുന്നു. ബലൂൺ അവർക്ക് പരിചയമുണ്ട്. എന്നാൽ ബലൂൺ 'ബി' അല്ല. അറിവു നേടുന്നതനുസരിച്ച് അവരതു മനസ്സിലാക്കും. അതേ പോലെ വിഗ്രഹങ്ങൾ ദൈവങ്ങളാണെന്ന് തെറ്റിദ്ധരിക്കാതെ അറിവു നേടി അവയെല്ലാം ഈശ്വരസാക്ഷാത്കാരത്തിലേക്ക്, ബ്രഹ്മത്തിലേക്ക് നയിക്കുന്ന ബിംബങ്ങൾ മാത്രമാണെന്ന് ധരിക്കണം. ഏതു ദേവിയേയോ ദേവനേയോ വേണമെങ്കിലും ആരാധിക്കാം. പക്ഷെ, നാനാത്വത്തിൽ ഏകത്വം കാണാൻ സാധിക്കണം. ദൈവങ്ങളെല്ലാം ബ്രഹ്മന്റെ ഭാഗമാണെന്ന് തിരിച്ചറിയണം. ആ അറിവിന്റെ നിറവിൽ ഏകദൈവാനുഭൂതിയിൽ അതായത് ബ്രഹ്മാനുഭൂതിയിൽ ലയിക്കണം. അപ്പോൾ അവാച്യമായ ആനന്ദമുണ്ടാകും. അതു തന്നെയാണ് പ്രാർത്ഥനയുടേയും ഭക്തിയുടെയുമൊക്കെ പ്രതിഫലം.  ഭൗതികമായ ആവശ്യങ്ങൾ ഇഷ്ടദേവതയുടെ  മുന്നിൽ നിരത്തി വച്ച് അവയുടെ നിറവേറ്റലിനു വേണ്ടി പ്രാർത്ഥച്ചാൽ നിരാശയാകാം ഫലം. ചില ആചാര്യന്മാർ ഇതൊക്കെ പറഞ്ഞു തരുമ്പോൾ അവർ ക്ഷേത്രങ്ങളെ തള്ളിപ്പറയുന്ന നിരീശ്വരവാദികളാണെന്ന് ജനങ്ങൾ തറ്റിദ്ധരിക്കാറുണ്ട്.  മിസ്കൺസെപ്ഷനിൽ നിന്നും കരകേറാൻ അവര്ക്കു സാധിക്കുന്നില്ല.

ഈ തെറ്റിദ്ധാരണകളിൽ നിന്ന് പൂർണ്ണമായി മോചിതരാകാൻ ഹിന്ദുമത തത്ത്വങ്ങളെ തന്നെ ആശ്രയിക്കണം. നമ്മുടെ ചിന്തയിൽ സാരമായ പരിവർത്തനങ്ങളുണ്ടായി, ഞാൻ ഞാൻ എന്ന അഹംഭാവം മാറി നമ്മൾ ദൈവാംശമാണെന്നും അഖിലവും ഞാനാണെന്നും ഉള്ള തിരിച്ചറിവിന്റെ ഭാവത്തിൽ ലയിക്കുമ്പോൾ 'അഹം ബ്രഹ്മാസ്മി' എന്ന പരമ സത്യത്തിന്റെ അനുഭൂതി അനുഭവവേദ്യമാകും. അഹം ബ്രഹ്മാസ്മി എന്നാൽ ഈശ്വരൻ നിന്നിൽ വസിക്കുന്നു എന്നാണെന്ന് സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ മായം ചേർക്കാതെ പറഞ്ഞു കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. ഇത്തരം വിവരണങ്ങളും വ്യാഖ്യാനങ്ങളും ജനഹൃദയങ്ങളിലേക്ക് ഇറങ്ങി ചെല്ലുമ്പോൾ അവരുടെ പല സംശയങ്ങളും ദുരീകരിക്കപ്പെടും. ഹിന്ദുമതത്തെലെ മിസ്പ്രസന്റേഷനിൽ നിന്നും മിസ്കൺസെപ്ഷനിൽ നിന്നും അങ്ങനെ മോചിതരാകണം. അപ്പൊഴെ ഭൗതികവും ആത്മീയവുമായ പുരോഗതി ഉണ്ടാവുകയുള്ളു.